# പതിനഞ്ചാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2021 ജൂൺ 3, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് പ്രത്യേകം പ്രത്യേകം ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. അടിയന്തരപ്രമേയം

ഓൺലൈൻ പഠനരംഗത്തെ പ്രശ്നങ്ങൾ

മി. സ്പീക്കർ: സംസ്ഥാനത്ത് കോവിഡിന്റെ രണ്ടാം വ്യാപനം രൂക്ഷമായ പശ്ചാത്തലത്തിൽ ഈ വർഷവും സ്കൂൾ വിദ്യാഭ്യാസം ഓൺലൈനായി നടത്താൻ തീരുമാനിച്ചതിനാൽ സംസ്ഥാനത്ത് നിലനിൽക്കുന്ന ഡിജിറ്റൽ ഡിവൈഡും ഓൺലൈൻ വിദ്യാഭ്യാസത്തിനാവശ്യമായ ഉപകരണങ്ങളുടെ അഭാവവുംമൂലം

സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ പഠനകാര്യത്തിൽ ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകളെ സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. റോജി. എം. ജോൺ, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): കോവിഡ് മഹാമാരി കാരണം കഴിഞ്ഞ വർഷം സ്കൂളുകൾ തുറന്നു പ്രവർത്തിപ്പിക്കാൻ കഴിയാത്തതിനാൽ കൈറ്റ് വിക്ടേഴ്സ് ചാനലിലെ ഡിജിറ്റൽ ക്ലാസുകൾ മുഖേന പരമാവധി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നൽകാനും അവർക്ക് ഡിജിറ്റൽ ക്ലാസ് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കാനും കഴിഞ്ഞിട്ടുണ്ട്. ഇക്കൊല്ലവും ആദ്യത്തെ രണ്ടാഴ്ച ട്രയൽ റൺ നടത്തി മുഴുവൻ കുട്ടികൾക്കും ക്ലാസ്സിൽ പങ്കെടുക്കാൻ സാധിക്കുമെന്ന് ഉറപ്പാക്കിയശേഷം മാത്രമേ ഡിജിറ്റൽ ക്ലാസുകൾ ആരംഭിക്കുകയുള്ളൂ. സമഗ്രശിക്ഷാ കേരളയുടെ സർവ്വേ പ്രകാരം ഡിജിറ്റൽ ക്ലാസുകളിൽ പങ്കെടുക്കാൻ സൗകര്യമില്ലാത്ത വിദ്യാർത്ഥികളെ കണ്ടെത്തുകയും വിവിധ ഏജൻസികളുടെ നേതൃത്വത്തിലുള്ള ജനകീയ സമിതികൾ അതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സ്കൂൾതലത്തിൽ പരിഹരിക്കാൻ കഴിയാത്ത വിഷയങ്ങൾ എ.ഇ.ഒ/ഡി.ഇ.ഒ/വിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ പരിഹരിക്കാനുള്ള ശ്രമങ്ങൾ

നടത്തുന്നുണ്ട്. കുട്ടികളും അദ്ധ്യാപകരും നേരിൽക്കണ്ട് ആശയവിനിമയം നടത്തിയുള്ള ഡിജിറ്റൽ പഠനരീതിയെക്കുറിച്ച് വിദ്യാഭ്യാസ വകുപ്പ് ആലോചിക്കുന്നുണ്ട്. ഇടുക്കി, വയനാട്, പത്തനംതിട്ട, കാസർഗോഡ് ജില്ലകളിലെ ഇന്റർനെറ്റ് സംവിധാനത്തിന്റെ അപര്യാപ്തത പരിഹരിക്കുന്നതാണ്. ഡിജിറ്റൽ ക്ലാസ്സുകൾക്കുവേണ്ടി 1,20,000-ത്തോളം ലാപ് ടോപ്പുകളും 70,000-ത്തോളം പ്രോജക്റ്ററുകളും വിവിധ സ്കൂളുകൾക്ക് നൽകിയിട്ടുണ്ട്.

ശ്രീ. റോജി എം. ജോൺ: ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ ഓൺലൈൻ പഠനത്തിന് സൗകര്യമില്ലാത്ത ഗുരുതരമായ സ്ഥിതിവിശേഷം നിലവിലുണ്ട്. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ രണ്ടാംതവണയാണ് സംസ്ഥാനം ഡിജിറ്റൽ വിദ്യാഭ്യാസത്തിലേയ്ക്ക് കടക്കുന്നത്. 2020 ജൂണിൽ സർക്കാർ നടപ്പാക്കിയ സ്റ്റുഡന്റ്സ് ലാപ് ടോപ്പ്/കൊക്കോണിക്സ് ലാപ് ടോപ് പദ്ധതികൾപ്രകാരം വിതരണം ചെയ്ത ലാപ് ടോപ്പുകളുടെ എണ്ണം വ്യക്തമാക്കണം. ഓൺലൈൻ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളിലും രക്ഷിതാക്കളിലുമുള്ള ആശങ്ക ദൂരീകരിക്കുകയും ആദിവാസി-മലയോര മേഖലകളിൽ ഓൺലൈൻ പഠനത്തിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തുകയും അദ്ധ്യാപക ഒഴിവുകൾ അടിയന്തരമായി നികത്തുകയും ഹയർ സെക്കണ്ടറി വിഭാഗത്തിലെ റെയർ സബ്ജക്ട്സിന് വിക്ടേഴ്സ് ചാനലിലൂടെ ക്ലാസെടുക്കുന്നത്

സംബന്ധിച്ച് ആലോചിക്കുകയും വേണം. സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ഓൺലൈൻ ഇന്ററാക്ഷൻ സംവിധാനം കേരളാ സിലബസ് വിദ്യാർത്ഥികൾക്കുകൂടി ലഭ്യമാക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): വിദ്യാർത്ഥികൾക്ക് കുറ്റമറ്റ രീതിയിൽ ഓൺലൈൻ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. കുടുംബശ്രീ, പി.ടി.എ., തദ്ദേശഭരണ സ്ഥാപന പ്രതിനിധികൾ, സ്കൂൾ ഭാരവാഹികൾ എന്നിവരുൾപ്പെടുന്ന സമിതിയുടെ നേതൃത്വത്തിൽ ഓൺലൈൻ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് അതത് പ്രദേശങ്ങളിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കുന്നുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ഈ അദ്ധ്യയന വർഷം തുടങ്ങുന്നതിനുമുമ്പ് ഓൺലൈൻ ക്ലാസുകളുടെ ന്യൂനതകൾ പരിഹരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതായിരുന്നു. ശാസ്ത്രസാഹിത്യ പരിഷത്തിന്റെ സർവ്വേയിൽ സംസ്ഥാനത്തെ 7 ലക്ഷത്തിലധികം കുട്ടികൾക്ക് ഓൺലൈൻ പഠന സൗകര്യമില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. ഫോക്കസ് ഏരിയ നോട്ട്സ് മാത്രം

ഉൾപ്പെടുത്തി സെപ്റ്റംബർ മാസം പ്ലസ് വൺ പരീക്ഷ നടത്തുന്നതിൽ വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കുമുള്ള ആശങ്ക പരിഹരിക്കണം. വ്യവസ്ഥകൾക്ക് വിധേയമായി എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും നിശ്ചിത തുക ഓൺലൈൻ പഠന സൗകര്യമൊരുക്കുന്നതിന് വിനിയോഗിക്കണം. ഡിജിറ്റൽ ഡിവൈഡ് ഒഴിവാക്കി പാർശ്വവത്കരിക്കപ്പെട്ട എല്ലാ വിദ്യാർത്ഥികൾക്കും ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കുന്നതിനുള്ള സംവിധാനമേർപ്പെടുത്താൻ നടപടി സ്വീകരിക്കണം.

## II. ശ്രദ്ധക്ഷണിക്കൽ

### (1) തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. പി. എസ്. സുപാൽ: തോട്ടം തൊഴിലാളികൾക്ക് വീട് നിർമ്മിച്ചുനൽകുന്നതിനും ടി മേഖലയിലെ തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും മുൻഗണനാടിസ്ഥാനത്തിൽ കോവിഡ് പ്രതിരോധ വാക്സിൻ നൽകുന്നതിനും അവരെ ഇ.എസ്.ഐ. പരിധിയിൽ ഉൾപ്പെടുത്തുന്നതിനും തയ്യാറാകണം. വിരമിക്കൽ പ്രായത്തെ സംബന്ധിച്ചുള്ള അനിശ്ചിതാവസ്ഥ പരിഹരിക്കുന്നതിനും ഘടനയിൽ മാറ്റംവരുത്താതെ തോട്ടം മേഖലയിലെ ഉപയോഗിക്കാതിരിക്കുന്ന ഭൂമി കാർഷിക പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിനും തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

ഉറപ്പാക്കുന്നതിനും അവർക്ക് 600 രൂപ മിനിമം കൂലി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഭവനം ഫൗണ്ടേഷൻ കേരളം മുഖേന വീട് നിർമ്മിച്ചുനൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വാക്സിൻ ലഭ്യമാകുന്ന മുറയ്ക്ക് തോട്ടം തൊഴിലാളികൾക്ക് നൽകുന്നതിനുള്ള സൗകര്യമൊരുക്കുന്നതും സോഷ്യൽ സെക്യൂരിറ്റി കോഡ് നിലവിൽവരുന്ന മുറയ്ക്ക് അവർക്ക് ഇ.എസ്.ഐ. പദ്ധതിയിൽ ഓപ്ഷണൽ കവറേജ് ലഭ്യമാക്കുന്നതുമാണ്. ഘടനയിൽ മാറ്റംവരുത്താതെ തോട്ടം മേഖലയിലെ ഉപയോഗിക്കാതിരിക്കുന്ന ഭൂമി, കാർഷിക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാമെന്ന വ്യവസ്ഥ പ്ലാന്റേഷൻ പോളിസിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വന്യമൃഗാക്രമണങ്ങളിൽ മരണപ്പെടുന്ന തൊഴിലാളികളുടെ അവകാശികൾക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് വനം വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്; കൂടാതെ മരണമടയുന്ന തോട്ടം തൊഴിലാളികളുടെ ആശ്രിതർക്ക് തൊഴിൽ വകുപ്പ് ഒരു ലക്ഷം രൂപ നഷ്ടപരിഹാരവും നൽകുന്നുണ്ട്. തോട്ടം മേഖലയിലെ പ്രശ്നങ്ങൾ ഘട്ടംഘട്ടമായി പരിഹരിക്കുന്നതാണ്.

(2) നഷ്ടപരിഹാരം

ശ്രീ. കെ. പി. എ. മജീദ്: കോവിഡ് രോഗവ്യാപന പശ്ചാത്തലത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് നൽകുവാനും ഓരോ വിളകൾക്കും നിശ്ചയിച്ചിരിക്കുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുവാനും കുടിശ്ശിക കൊടുത്തുതീർക്കുവാനും നടപടിയുണ്ടാകണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): കോവിഡ് രോഗവ്യാപന പശ്ചാത്തലത്തിൽ വിളനാശത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലാവധി ജൂൺ 30 വരെ നീട്ടിയിട്ടുണ്ട്. പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിപ്രകാരം 49.92 കോടി രൂപ നഷ്ടപരിഹാരമായി അനുവദിക്കുകയും ദുരന്ത പ്രതികരണനിധിയിൽ നിന്ന് 4.81 കോടി രൂപ നൽകുവാനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലുമാണ്. നഷ്ടപരിഹാരത്തുക ഇനത്തിൽ നിലവിൽ കുടിശ്ശികയില്ല.

## III. സബ്മിഷൻ

(1) ഫയർ സ്റ്റേഷൻ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: വളാഞ്ചേരിയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ വളാഞ്ചേരിയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് തിരൂർ താലൂക്കിൽ കാട്ടിപ്പരുത്തി വില്ലേജിൽ 17 ആർ (42 സെന്റ്) റവന്യൂ പുറമ്പോക്ക് ഭൂമി 2017-ൽ അഗ്നിരക്ഷാ വകുപ്പിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(2) ആർട്സ് ആന്റ് സയൻസ് കോളേജ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സുൽത്താൻ ബത്തേരിയിൽ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (പ്രൊഫ. ആർ. ബിന്ദു): സുൽത്താൻ ബത്തേരിയിൽ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് അനുവദിക്കുന്നതിനുള്ള സാദ്ധ്യതകൾ കോളേജ് വിദ്യാഭ്യാസ വകുപ്പ് പരിശോധിച്ചുവരികയാണ്. കോളേജിന്റെ ആവശ്യകതയും സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയും പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(3) പലിശയിളവും മോറട്ടോറിയവും

ശ്രീ. കെ. പി. മോഹനൻ: ഫോട്ടോ വീഡിയോഗ്രാഫിക് സ്ഥാപനങ്ങൾ എടുത്തിട്ടുള്ള വായ്പയ്ക്ക് പലിശയിളവും മോറട്ടോറിയവും അനുവദിക്കുന്നതിനും പ്രസ്തുത മേഖലയിൽ പണിയെടുക്കുന്നവർക്ക് വാക്സിനേഷന് മുൻഗണന നൽകുന്നതിനും

നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): ഫോട്ടോഗ്രഫി അനുബന്ധ മേഖലയിലെ തൊഴിലാളികൾ ക്ഷേമനിധി ആനുകൂല്യങ്ങൾക്ക് അർഹരാണ്. ലോക്ക്ഡൗൺ കാരണം തുറക്കാൻ കഴിയാത്ത തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വികസന അതോറിറ്റികളുടെയും ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾക്ക് വാടകയിളവ് അനുവദിക്കുന്നതാണ്. വാക്സിനേഷന് മുൻഗണന നൽകുന്ന കാര്യം ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തും.

(4) വന്യജീവി ആക്രമണം

ശ്രീ. എ. പ്രഭാകരൻ: മലമ്പുഴ നിയോജകമണ്ഡലത്തിലെ ജനവാസകേന്ദ്രങ്ങളിലെ വന്യജീവി ആക്രമണം തടയാൻ നടപടിയുണ്ടാകണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പാലക്കാട്, മണ്ണാർക്കാട് ഡിവിഷനുകളിൽ വന്യജീവി ആക്രമണം നേരിടുന്നതിന് ദ്രുതകർമ്മ സേനയെ നിയോഗിക്കുന്നതിനും പട്രോളിംഗ് ശക്തിപ്പെടുത്തുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നഷ്ടപരിഹാരം നൽകുന്നതാണ്. കാട്ടാനശല്യം ഒഴിവാക്കുന്നതിനുള്ള സൗരോർജ്ജവേലിയുടെയും പ്രതിരോധകിടങ്ങിന്റെയും പ്രവൃത്തികൾ പുരോഗമിക്കുന്നു.

(5) റോഡ് നിർമ്മാണം

ശ്രീ. പി. ജെ. ജോസഫ്: നെയ്യശ്ശേരി - തോക്കുമ്പൻസാഡിൽ റോഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കാൻ നടപടിയുണ്ടാകണം.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി ഇടുക്കി ജില്ലയിലെ നെയ്യശ്ശേരി-തോക്കുമ്പൻസാഡിൽ റോഡിന്റെ നിർമ്മാണ പ്രവൃത്തിക്കുള്ള ഭരണാനുമതിയും വനഭൂമി ഉപയോഗയോഗ്യമാക്കുന്നതിന് അവിടത്തെ മരം മുറിക്കുന്നതിനും അനുബന്ധ റോഡ് നിർമ്മാണത്തിനും വനം വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തി ടെണ്ടർ ചെയ്ത് തുടർ നടപടി സ്വീകരിക്കുന്നതാണ്.

(6) ചേലക്കാട്-വില്ല്യാപ്പള്ളി-വടകര റോഡ് നിർമ്മാണം

ശ്രീ. ഇ. കെ. വിജയൻ: ചേലക്കാട്-വില്ല്യാപ്പള്ളി-വടകര റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി കോഴിക്കോട് ജില്ലയിലെ ചേലക്കാട്-വില്ല്യാപ്പള്ളി-വടകര റോഡ് നിർമ്മാണത്തിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരള റോഡ് ഫണ്ട് ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടി സ്വീകരിക്കുന്നതാണ്.

## (7) സഹായ പാക്കേജ്

ശ്രീ. പി. പി. ചിത്തരഞ്ജൻ: ആലപ്പുഴയിലെ കായൽ ടൂറിസം മേഖലയ്ക്ക് പ്രത്യേക സഹായ പാക്കേജ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ടൂറിസം ഹൗസ്ബോട്ട് സപ്പോർട്ട് സ്കീം പ്രകാരം 99 ഹൗസ്ബോട്ട് ഉടമകൾക്ക് 86 ലക്ഷം രൂപയുടെ സഹായവും കേരള ബാങ്ക് വഴി ജീവനക്കാർക്ക് വായ്പാ പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. ടൂറിസം മേഖലയിലെ ജീവനക്കാർക്ക് മുൻഗണനാക്രമത്തിൽ വാക്സിനേഷൻ ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കോവിഡ് രണ്ടാം തരംഗംമൂലമുണ്ടായ പ്രതിസന്ധി ചർച്ച ചെയ്യുന്നതിനായി വിനോദസഞ്ചാര മേഖലയിലെ 18 സംഘടനകളുമായി ചർച്ച നടത്തുകയുണ്ടായി. സഭാസമ്മേളനം കഴിഞ്ഞ് ആലപ്പുഴ ജില്ലയിലെ എം.എൽ.എ.-മാരെ പങ്കെടുപ്പിച്ച് ഒരു യോഗം വിളിച്ചുചേർക്കുന്നതാണ്.

## (8) ടൂറിസം മേഖല

ശ്രീ. കെ. ജെ. മാക്സി: കോവിഡ് രോഗവ്യാപന പശ്ചാത്തലത്തിൽ ടൂറിസം മേഖലയ്ക്ക് പ്രഖ്യാപിച്ച വായ്പാ പദ്ധതിയുടെ ആനുകൂല്യം ഫോർട്ട് കൊച്ചി-മട്ടാഞ്ചേരി

ടൂറിസം മേഖലയിലുള്ളവർക്കും സമയബന്ധിതമായി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ഫോർട്ട് കൊച്ചി-മട്ടാഞ്ചേരി ടൂറിസം മേഖലയെ ആശ്രയിച്ച് ജീവിക്കുന്ന എല്ലാവരെയും സംരക്ഷിക്കുകയെന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്.

## IV. നിയമനിർമ്മാണകാര്യം

2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബില്ലിന്റെ അവതരണവും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): " 2021 മേയ് 31-ന് സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ അവതരിപ്പിക്കുന്ന 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ, അവതരണത്തിനും തുടർന്നുള്ള പൊതു ചർച്ചയ്ക്കും ശേഷം ഇന്നുതന്നെ പരിഗണനയ്ക്ക് എടുക്കുന്നതിലേയ്ക്കായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 76(1)-ലെയും ചട്ടം 237-ലെയും വ്യവസ്ഥകളും അതിനനുസൃതമായി ബില്ലിന്റെ തത്വത്തെപ്പറ്റി ചർച്ച ചെയ്യുന്നതിലേയ്ക്കായി ചട്ടം 77-ലെ വ്യവസ്ഥകളും താല്ക്കാലികമായി ഭേദഗതി ചെയ്യുന്നതിന് സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം

അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): 2021-ലെ സാംക്രമിക രോഗങ്ങൾ ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുള്ള സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തുവയ്ക്കുന്നു.

## V. ക്രമപ്രശ്നം

(1) നിയമസഭാചട്ടങ്ങൾ സസ്പെന്റ് ചെയ്യുന്നത് സംബന്ധിച്ച്

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): ഇന്ന് സഭയിൽ അവതരിപ്പിക്കുന്ന കേരള സാംക്രമിക രോഗങ്ങൾ (ബിൽ) നിയമസഭാചട്ടങ്ങൾ 76, 77, 237 എന്നിവയുടെ ലംഘനവും ഈ ബില്ലിന്മേൽ പൊതു ചർച്ച നടത്തുന്നതിനുള്ള അവസരം അംഗങ്ങൾക്ക് നഷ്ടപ്പെടുത്തുന്നതുമാണ്. അടിയന്തരമായി ബിൽ പാസ്സാക്കേണ്ട സാഹചര്യം നിലവിലില്ല. ഈ ബില്ലിലെ വ്യവസ്ഥകൾ 2020 മാർച്ച് 26-ാം തീയതി മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. സബ്ജക്ട് കമ്മിറ്റികളുടെ പരിഗണന കൂടാതെ ബിൽ പാസ്സാക്കാനുള്ള നീക്കം ജനാധിപത്യ അവകാശങ്ങളുടെയും നിയമസഭാ

ചട്ടങ്ങളുടെയും ലംഘനമാണ്.

(2) 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബില്ലിന്റെ ഭരണഘടനാസാധുത

ഡോ. മാത്യു കുഴൽനാടൻ: സാംക്രമിക രോഗങ്ങളുമായി ബന്ധപ്പെട്ട കേന്ദ്ര നിയമം നിലനിൽക്കുന്ന സാഹചര്യത്തിൽ 1897-ലെ The Epidemic Diseases Act (Central Act 3 of 1897)-ന്റെ പരിധിയിൽനിന്നും മലബാർ മേഖലയുടെ പ്രാബല്യം ഇല്ലാതാക്കിക്കൊണ്ട് സംസ്ഥാനത്തിന് മുഴുവൻ ബാധകമാകുന്ന വിധത്തിൽ നിയമനിർമ്മാണം നടത്തുന്നത് ഭരണഘടനാവിരുദ്ധവും ചട്ടലംഘനവുമാണ്. കേന്ദ്രനിയമപ്രകാരമാണോ സംസ്ഥാന നിയമസഭ പാസ്സാക്കുന്ന നിയമമനുസരിച്ചാണോ പിഴ ഈടാക്കുന്നതെന്നത് വ്യക്തമാക്കാതെ കൊണ്ടു വന്ന ബിൽ പുനഃപരിശോധനയ്ക്ക് വിധേയമാക്കണം.

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ ചട്ടപ്രകാരമാണ് അവതരിപ്പിച്ചിരിക്കുന്നത്. പാർട്ട് (ബി) സ്റ്റേറ്റുകളെക്കൂടി ഉൾപ്പെടുത്തി 2020-ൽ കേന്ദ്രഗവൺമെന്റ് എപ്പിഡമിക് ഡിസീസസ് ആക്ടിൽ അമെന്റ്മെന്റ് കൊണ്ടുവന്നിട്ടുണ്ട്. ഭരണഘടനയുടെ 7-ാം ഷെഡ്യൂളിൽ വരുന്ന സ്റ്റേറ്റ് ലിസ്റ്റിൽപ്പെട്ട പബ്ലിക് ഹെൽത്തിൽ ഉൾപ്പെടുത്തിയാണ് ഓർഡിനൻസ് കൊണ്ടുവന്നിട്ടുള്ളത്. പബ്ലിക് ഹെൽത്തുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൺകറന്റ് ലിസ്റ്റിൽപ്പെട്ടതല്ല.

നിലവിൽ സംസ്ഥാനത്തുള്ള നിയമങ്ങൾ ഏകീകരിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും വേണ്ടി ക്രമപ്രകാരമാണ് നിയമം കൊണ്ടുവന്നിട്ടുള്ളത്.

**റൂളിംഗ്**

മി. സ്പീക്കർ: 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ ഇന്ന് സഭയുടെ പരിഗണനയ്ക്ക് വരാനിടയായ സാഹചര്യങ്ങളും അതുസംബന്ധിച്ച നടപടി ചട്ടങ്ങളിലെ വ്യവസ്ഥകളും സഭയുടെ കീഴ്വഴക്കങ്ങളും ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി. 2021 മേയ് 31-ാം തീയതി സഭ ഐകകണ്ഠ്യേന അംഗീകരിച്ച കാര്യോപദേശക സമിതിയുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് ബിൽ സഭയുടെ പരിഗണനയ്ക്കായി വന്നിട്ടുള്ളത്. പുതിയ സഭ നിലവിൽ വന്നതിനെത്തുടർന്ന് രൂപീകരിക്കേണ്ട സബ്ജക്ട് കമ്മിറ്റികൾ നിലവിൽ വരാത്ത സാഹചര്യത്തിലാണ് കാര്യോപദേശക സമിതി ഇത്തരമൊരു ശിപാർശ നടത്തിയത്. ചട്ടപ്രകാരം ബിൽ അന്തിമമായി പാസ്സാക്കുന്നതിനുമുമ്പായി അംഗങ്ങൾക്ക് ഓർഡിനൻസ് നിരാകരണപ്രമേയം അവതരിപ്പിക്കാനും ഭേദഗതി നോട്ടീസ് നൽകി ബില്ലിന്റെ തത്വത്തെ സംബന്ധിച്ചുള്ള പൊതുചർച്ച നടത്തുന്നതിനും അവസരമൊരുക്കിയിട്ടുണ്ട്. വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്കായി ഭേദഗതി നോട്ടീസ് നൽകുന്നതിന് സമയം ദീർഘിപ്പിച്ചു നൽകുകയും 550-ലധികം ഭേദഗതികൾ വിവിധ വകുപ്പുകളിന്മേൽ ലഭ്യമാവുകയും അവ ലിസ്റ്റാക്കി സർക്കുലേറ്റ്

ചെയ്യുകയും ചെയ്തിട്ടുണ്ട്. ചില പ്രത്യേക കാരണങ്ങളാൽ സുപ്രധാന നിയമനിർമ്മാണങ്ങൾ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയോ പൊതുചർച്ചയോ കൂടാതെ പാസ്സാക്കിയിട്ടുള്ളതായി കാണാവുന്നതാണ്.

പാർലമെന്റും സംസ്ഥാന നിയമസഭകളും നിർമ്മിക്കുന്ന നിയമങ്ങൾ തമ്മിലുള്ള പൊരുത്തക്കേടുകളെ സംബന്ധിച്ച് പ്രതിപാദിക്കുന്ന ഭരണഘടനയിലെ 254-ാം അനുച്ഛേദത്തിൽ, കൺകറന്റ് ലിസ്റ്റിൽപ്പെട്ട ഒരു വിഷയത്തിന്മേലുള്ള നിയമനിർമ്മാണത്തിന് കേന്ദ്ര നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥയോട് വൈരുദ്ധ്യമുണ്ടെങ്കിൽ സംസ്ഥാന നിയമത്തിലെ അപ്രകാരം വൈരുദ്ധ്യമുള്ള ഒരു വ്യവസ്ഥ മാത്രമേ അസാധുവാകുന്നുള്ളൂവെന്നാണ് പറഞ്ഞിരിക്കുന്നത്. ബില്ലിലെ വ്യവസ്ഥകൾക്ക് കേന്ദ്രനിയമത്തിലെ ഏതെങ്കിലും വ്യവസ്ഥകളോട് വൈരുദ്ധ്യമുണ്ടെങ്കിലും സംസ്ഥാന ലിസ്റ്റിൽ പരാമർശിച്ചിരിക്കുന്ന വിഷയത്തിന്മേൽ ഒരു നിയമനിർമ്മാണം നടത്തുവാനുള്ള സംസ്ഥാന നിയമസഭയുടെ പരമാധികാരത്തെ ഒരുവിധത്തിലും പരിമിതപ്പെടുത്തുന്നില്ല എന്നതാണ് നിയമ വ്യവസ്ഥ. ഈ സാഹചര്യത്തിൽ ക്രമപ്രശ്നങ്ങൾ നിലനിൽക്കുന്നതല്ല.

ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട ആരോഗ്യവും വനിത-ശിശുക്ഷേമവും വകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയത്തിൽ ' താൽക്കാലികമായി ഭേദഗതി ചെയ്യുന്ന' എന്ന വാക്ക്

'താൽക്കാലികമായി സസ്പെന്റ് ചെയ്യുന്നു' എന്ന് തിരുത്താവുന്നതാണ്.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: I move that - "This House resolves to disapprove The Kerala Epidemic Diseases Ordinance, 2021 (Ordinance No. 22 of 2021)." കോവിഡ് മൂന്നാം തരംഗം ഏത് രീതിയിൽ കുട്ടികളെ ബാധിക്കുമെന്നത് സംബന്ധിച്ച് വിദഗ്ദ്ധപഠനം നടത്തി ആവശ്യമായ ചികിത്സാസംവിധാനമൊരുക്കണം. ഈ ബിൽ സംബന്ധിച്ച് സമഗ്രപഠനം നടത്തുന്നതിനായി സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണം. ബില്ലിന്റെ പേര് " 2021-ലെ കേരള സാംക്രമിക രോഗങ്ങൾ തടയൽ ബിൽ" എന്നാക്കി മാറ്റണം. ഖണ്ഡം 3-ന്റെ അവസാനവരിയിൽ "ഏതൊരു രോഗത്തെയും സാംക്രമിക രോഗമാണെന്ന് തെളിഞ്ഞാൽ അവ വിജ്ഞാപനം ചെയ്യാവുന്നതാണ്" എന്നും ഖണ്ഡം 4(2)(എ)-ൽ "പ്രോട്ടോകോൾ പാലിക്കാത്തപക്ഷം ആരാധനകളിലോ" എന്നും തിരുത്തണം. സാംക്രമിക രോഗങ്ങളുടെ വ്യാപനം കുറഞ്ഞാലും നിരോധനം നിലനിർത്താൻ ഈ വ്യവസ്ഥ ദുരുപയോഗിക്കുമെന്നതിനാൽ നിരോധനത്തിന് കാലപരിധി നിശ്ചയിക്കണം. മലപ്പുറം ജില്ലയിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെയും കുറവ് പരിഹരിക്കാനും കൂടുതൽ പേർക്ക് വാക്സിൻ ലഭ്യമാക്കാനും ബ്ലാക്ക് ഫംഗസ് ബാധിച്ച് കണ്ണ് നഷ്ടപ്പെട്ട വ്യക്തിക്ക് 10 ലക്ഷം രൂപ നഷ്ടപരിഹാരം നൽകാനും നടപടി സ്വീകരിക്കണം.

ശ്രീ. എ. കെ. എം. അഷ്റഫ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എൻ. എ. നെല്ലിക്കുന്ന്: നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. റോഡപകടങ്ങളിൽപ്പെട്ട് മരണപ്പെടുന്നവരെ കോവിഡ് പരിശോധനയ്ക്ക് വിധേയമാക്കുന്നത് പരിശോധിക്കപ്പെടണം. കോവിഡ് വാക്സിൻ ലഭ്യത ഉറപ്പുവരുത്തുന്നതിനും എല്ലാ വീടുകളിലും സൗജന്യമായി പൾസ് ഓക്സീമീറ്റർ നൽകുന്നതിനും നടപടിയുണ്ടാകണം. മാധ്യമ പ്രവർത്തകരുടെ സേവന സമയദൈർഘ്യം പരിമിതപ്പെടുത്തുന്ന കാര്യം പുനരാലോചിക്കണം. വാക്സിനേഷൻ കേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കണം. സർക്കാർ ആശുപത്രികളുടെ അടിസ്ഥാന ചികിത്സാ സൗകര്യങ്ങൾക്കാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തണം. അതിർത്തികൾ അടച്ചിടാനുള്ള കളക്ടർമാരുടെ അധികാരം ദുരുപയോഗം ചെയ്യുന്നില്ലെന്ന് ഉറപ്പാക്കണം. ആരോഗ്യ പ്രവർത്തകർക്ക് പ്രസ്തുത നിയമത്തിൽ പരിഗണന നൽകാത്തത് ന്യൂനതയാണ്. കോർ കമ്മിറ്റികളിൽ ജനപ്രതിനിധികൾക്കും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രാതിനിധ്യം നൽകണം. സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്ന കോവിഡ് രോഗികളുടെ ചികിത്സാ ചെലവ് സർക്കാർ വഹിക്കണം.

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-06-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ആർ.ടി.പി.സി.ആർ. ടെസ്റ്റ് റിസൾട്ട് വേഗത്തിൽ ലഭ്യമാക്കുന്നതിനും സർവയലൻസ് ടെസ്റ്റ് വർദ്ധിപ്പിക്കുന്നതിനും നടപടിയുണ്ടാകണം. ടി.പി.ആർ. നിരക്ക് ദേശീയ ശരാശരിക്ക് മുകളിലായിരുന്നപ്പോൾ ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ പിൻവലിച്ചത് ശരിയായ നടപടിയല്ല. പകർച്ചവ്യാധിയെക്കുറിച്ച് സമഗ്രപഠനം നടത്താനും പ്രഗത്ഭരായ ഡോക്ടർമാരെയോ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ പ്രതിനിധിയെയോ വിദഗ്ദ്ധ സമിതിയിൽ ഉൾപ്പെടുത്താനും തയ്യാറാകണം. കോവിഡ് മഹാമാരിമൂലം പ്രതിസന്ധിയിലായ എല്ലാ വിഭാഗം തൊഴിലാളികളെയും സംരക്ഷിക്കണം. വാക്സിൻ നൽകുന്നതിൽ പ്രവാസികൾക്ക് മുൻഗണന നൽകുകയും അവർക്ക് സ്പോട്ട് രജിസ്ട്രേഷൻ അനുവദിക്കുകയും വേണം. പാർശ്വവത്കരിക്കപ്പെട്ട മേഖലകളിൽ മാസ് വാക്സിനേഷൻ ഡ്രൈവ് നടത്താനും 80 വയസ്സുകഴിഞ്ഞവർക്കും കിടപ്പുരോഗികൾക്കും വീടുകളിപ്പോയി വാക്സിൻ നൽകാനും നടപടി സ്വീകരിക്കണം. ലോക്ഡൗൺ കാലയളവിൽ ഷോപ്പുകൾക്ക് ഇളവ്

നൽകുന്നതിലുള്ള അശാസ്ത്രീയത പരിഹരിക്കണം. ഡോക്ടർമാരുടെയും നഴ്സുമാരുടെയും ക്ഷാമം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. എം. എസ്. അരുൺ കുമാർ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. എ. എൻ. ഷംസീർ: 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കോവിഡ് വ്യാപനം രൂക്ഷമാകുന്ന സാഹചര്യത്തിൽ ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ച് രോഗപ്രതിരോധ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണം. പൊതുവായ കോവിഡ് മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായ നിലപാടാണ് ഓരോഘട്ടത്തിലും സർക്കാർ സ്വീകരിച്ചിട്ടുള്ളത്. എല്ലാവർക്കും വാക്സിനേഷൻ ഉറപ്പാക്കുന്നതിന് പ്രഥമപരിഗണന നൽകണം.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: ഭേദഗതിയെ പിന്താങ്ങുന്നു. കോവിഡ് മഹാമാരി രൂക്ഷമാകുന്ന സാഹചര്യത്തിൽ പ്രസ്തുത ബിൽ അവതരിപ്പിച്ചത് സ്വാഗതാർഹമാണ്. വൈറസുകളുടെ ജനിതകമാറ്റം സംബന്ധിച്ച റിസർച്ച് വിപുലപ്പെടുത്തണം. അശാസ്ത്രീയമായ ചികിത്സാരീതികളും വ്യാജ പ്രചരണങ്ങളും തടയണം. എ.പി.എൽ/ബി.പി.എൽ. വ്യത്യാസമില്ലാതെ റേഷൻ കാർഡുടമകൾക്ക് ഭക്ഷ്യധാന്യ കിറ്റ് വിതരണം ചെയ്തതും ജനകീയ ഹോട്ടലുകൾ ആരംഭിച്ചതും ക്ഷേമപെൻഷനുകൾ വർദ്ധിപ്പിച്ച് കുടിശ്ശികയില്ലാതെ വിതരണം ചെയ്തതും സർക്കാരിന്റെ

സാമൂഹ്യപ്രതിബദ്ധത വ്യക്തമാക്കുന്നതാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: ഭേദഗതിയെ പിന്താങ്ങുന്നു. നിയമലംഘനങ്ങൾക്ക് പിഴ ഈടാക്കാനോ ശിക്ഷാനടപടി സ്വീകരിക്കാനോ ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥർക്ക് യാതൊരു അധികാരങ്ങളും ബില്ലിൽ വിഭാവന ചെയ്തിട്ടില്ല. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കുകയും സാംക്രമിക രോഗങ്ങൾ തടയുന്നതിന് സുസ്ഥിരമായ നിലപാട് സ്വീകരിക്കുകയും വേണം. കോവിഡ്-19 സംബന്ധിച്ച് പഠനം നടത്തുന്നതിന് ഒരു റിസർച്ച് വിംഗ് ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. ജനസംഖ്യാനുപാതികമായി എല്ലാ ജില്ലകളിലും വാക്സിൻ ലഭ്യമാക്കുന്നതിനും കോവിഡ് ചികിത്സാ ഉപകരണങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും നടപടിയുണ്ടാകണം.

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സാംക്രമിക രോഗങ്ങൾ നിയന്ത്രിക്കുന്നതിന് സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ വെവ്വേറെ നിയമങ്ങളുണ്ടായിരുന്ന സാഹചര്യത്തിലാണ് സംസ്ഥാനത്ത് ബാധകമാവുന്ന വിധത്തിൽ നിയമനിർമ്മാണം നടത്താൻ സർക്കാർ തീരുമാനിച്ചത്. കോവിഡ് മഹാമാരിയെ നേരിടുന്നതിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കാൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. സംസ്ഥാന-ജില്ലാ തലങ്ങളിൽ ഓക്സിജൻ

വാർ റൂമുകൾ തുറന്നതുൾപ്പെടെ കോവിഡ് രോഗികൾക്കാവശ്യമായ ഓക്സിജൻ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കോവിഡ് മരണങ്ങൾ സംബന്ധിച്ച മെഡിക്കൽ ബുള്ളറ്റിൻ ആശുപത്രിതലത്തിൽ ഓൺലൈനായി പ്രസിദ്ധപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പ്രവാസികൾക്ക് കോവീഷീൽഡ് വാക്സിൻ എടുക്കുന്നതിന്റെ ഇടവേള 42 ദിവസമായി നിശ്ചയിക്കുകയും ആധാർ/പാസ്പോർട്ട് നമ്പർ രേഖപ്പെടുത്തി സർട്ടിഫിക്കറ്റ് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എല്ലാവർക്കും സൗജന്യ വാക്സിൻ നൽകുകയെന്നതാണ് സർക്കാർ നയം. വാക്സിൻ നൽകുന്നതുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിലുണ്ടായ വീഴ്ച പരിശോധിക്കുന്നതാണ്. സ്റ്റേറ്റ് ലിസ്റ്റിൽപ്പെട്ട പൊതുജനാരോഗ്യം എന്ന വിഷയവുമായി ബന്ധപ്പെട്ട് ഇത്തരമൊരു നിയമം നിർമ്മിക്കുന്നതിന് തടസ്സമില്ല. പ്രസ്തുത നിയമപ്രകാരം നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുന്നതാണ്.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

202, 203, 205, 206, 207, 208, 209, 211, 212, 213, 214, 215, 216, 217, 218, 219, 220, 221, 222, 223, 224, 225, 226, 227, 228, 230, 231, 232, 233, 234, 235 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

238, 242, 244, 245, 247, 248, 249, 250, 251, 255, 260, 261, 262, 263, 264, 265, 266, 267, 268, 269 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

238. ഖണ്ഡം 3-ൽ "സർക്കാരിനു" എന്നതിനുപകരം "സർക്കാരിന്" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ

പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും അവതരിപ്പിച്ചു.

656. ഖണ്ഡം 4(2)-ൽ
(i) “ പൊതുവായ വ്യവസ്ഥകൾക്കു" എന്നീ വാക്കുകൾക്കു പകരം
“ വ്യവസ്ഥകളുടെ സാമാന്യതയ്ക്കു” എന്നീ വാക്കുകൾ ചേർക്കുക.
(ii) ഖണ്ഡം 4(2) (എ)-ൽ "വ്യക്തികളിൽ നിന്ന് വ്യക്തികളിലേയ്ക്കു"
എന്നീ വാക്കുകൾക്കു പകരം " ആളുകളിൽ നിന്ന് ആളുകളിലേയ്ക്കു" എന്നീ
വാക്കുകൾ ചേർക്കുക.
(iii) ഖണ്ഡം 4(2) (ബി)-ൽ "എത്തിച്ചേരുന്ന വ്യക്തികളെയോ"
എന്ന വാക്കുകൾക്കു പകരം " എത്തിച്ചേരുന്ന ആളുകളെയോ"
എന്നീ വാക്കുകളും "മറ്റുവിധത്തിലോ ഉള്ള വ്യക്തികളെയോ"
എന്നീ വാക്കുകൾക്കു പകരം "മറ്റുവിധത്തിലോ ഉള്ള
ആളുകളെയോ" എന്നീ വാക്കുകളും ചേർക്കുക.
(iv) ഖണ്ഡം 4(2)(എഫ്)-ൽ "വ്യക്തികൾ" എന്ന വാക്കിന് പകരം "
ആളുകൾ" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 4(1)-ൽ "ഏതെങ്കിലും വ്യക്തി അല്ലെങ്കിൽ വ്യക്തികളുടെ വിഭാഗം" എന്നീ വാക്കുകൾക്ക് പകരം "ഏതെങ്കിലും ആൾ അല്ലെങ്കിൽ ആളുകളുടെ വിഭാഗം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

272, 273, 282, 283, 284, 285, 287, 288, 289, 290, 291, 292,

294, 295, 296, 297, 298, 299, 300, 301, 302, 303, 305, 307, 308, 309, 310, 311, 312, 313, 314, 318, 319, 320, 321, 322, 323, 324, 325, 326, 327, 328, 329, 331, 332, 333, 334, 335, 336, 337, 338, 339, 340, 341, 342, 343, 344, 345, 346, 347, 348, 349, 350, 351, 352, 353, 354, 355, 356, 357, 358, 359, 360, 361, 362, 363, 364, 365, 366, 367, 369, 370, 371, 373, 374, 375, 376, 378, 379, 380, 381, 382, 383, 384, 385, 386, 387, 388, 389, 390, 391, 392, 393, 395, 396, 397, 398, 399, 400, 401, 402, 403, 404, 405, 406, 407, 408, 410, 411, 412, 413, 414, 415, 416, 417, 418, 420, 421, 423, 424, 425, 426, 427, 428, 429, 430, 431, 436, 439, 440, 441, 442, 443, 444, 445, 446, 447, 448, 449, 450, 451, 452, 453, 455, 457, 458, 459, 460, 461, 462, 463, 464, 465, 466, 467, 468, 469, 470, 474, 477, 478, 479, 480, 481, 482, 484, 485, 486, 487, 488, 489, 490, 491, 493, 494, 495, 496, 497, 498, 500, 501, 502, 503, 504, 505, 506, 507, 508, 509, 510, 511 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഭാഗികമായി സ്വീകരിച്ചു.

320. ഖണ്ഡം 4(1)-ൽ,

ii " വിനിയോഗിക്കാൻ" എന്നതിനു പകരം " വിനിയോഗി

ക്കുവാൻ" എന്ന് ചേർക്കുക.

460. ഖണ്ഡം 4(2)(എച്ച്)-ൽ
ii " ചുമത്തുക " എന്നതിനുപകരം " ഏർപ്പെടുത്തുക" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും ഭാഗികമായി സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അഞ്ചാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും അവതരിപ്പിച്ചു:

657. ഖണ്ഡം 5-ൽ "ഏതെങ്കിലും അത്തരത്തിലുള്ള" എന്നീ വാക്കുകൾക്ക് പകരം "അങ്ങനെയുള്ള ഏതെങ്കിലും" എന്നീ വാക്കുകൾ ചേർക്കുക.

ഒന്നാം ഉപഖണ്ഡത്തിന്റെ ആരംഭത്തിൽ "റെഗുലേഷനുകളും ഉത്തരവുകളും" എന്നീ വാക്കുകൾക്ക് പകരം "റെഗുലേഷനുകളോ

ഉത്തരവുകളോ" എന്നീ വാക്കുകൾ ചേർക്കുക.

513, 514, 515, 516, 517, 518, 519, 520, 522, 523, 524, 525, 526, 527, 530, 533, 535, 536, 537, 539, 540, 541, 542, 543, 544 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ആറാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

658. ഖണ്ഡം 6-ൽ "പ്രവർത്തി ചെയ്യപ്പെട്ടാൽ" എന്നീ വാക്കുകൾക്ക് പകരം "പ്രവൃത്തി ചെയ്യുന്നപക്ഷം" എന്നീ വാക്കുകൾ ചേർക്കുക.

545, 546, 547, 548, 549, 550, 552, 553, 555, 556, 557, 559, 563, 564, 565, 566, 567, 568, 569, 570 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഏഴാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

659. ഖണ്ഡം 7-ൽ "കൊടുക്കത്തക്കതും" എന്ന വാക്കിനുപകരം "അനുവദിക്കത്തക്കതും" എന്ന വാക്ക് ചേർക്കുക.

571, 572, 573, 574, 575, 576, 578, 587 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എട്ടാം വകുപ്പ്

588, 589, 590, 591, 592, 593, 595, 601, 602 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒൻപതാം വകുപ്പ്

603, 604, 605, 606 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്താം വകുപ്പ്

608, 610, 611, 612, 613, 614 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനൊന്നാം വകുപ്പ്</u>

615, 616, 617, 618, 619, 620, 621, 623, 624, 625 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പന്ത്രണ്ടാം വകുപ്പ്</u>

627, 630, 631, 633, 634, 635, 636, 637, 638, 642 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിമൂന്നാം വകുപ്പ്</u>

644, 645, 646, 647, 648, 649, 652, 653, 654 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

117, 118, 119, 120, 121, 122, 123, 124, 125, 126, 127, 128, 129, 130, 131, 132, 133, 134, 135, 136, 137, 138, 139, 140, 142, 143, 145, 146, 147, 148, 149, 150, 151, 153, 154, 155, 156, 160, 161, 164, 165, 166, 167, 168, 169, 170, 171, 172, 173, 174, 175, 176, 178, 179, 180, 181, 182, 183, 184, 188, 192, 193, 200 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു:

137. പീഠികയിൽ "ആനുഷംഗികവുമോ" എന്നതിനു പകരം "ആനുഷംഗികമായതോ" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

(സഭ ഉച്ചയ്ക്കുശേഷം 3.37-ന് പിരിഞ്ഞു.)

* * * * * * * * * *